പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5697 — 24.05.2017 -ൽ മറുപടിക്ക്.

## പാചക വാതക വിതരണ ഏജൻസികൾകളുടെ ഉത്തരവാദിത്വങ്ങളും ഉപഭോക്താവിന്റെ അവകാശങ്ങളും

| ചോദ്യം<br>**ശ്രീ.കെ. ദാസൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്ത് പാചക വാതക സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് വീടുകളിൽ എത്തിച്ച് നൽകുന്ന കാര്യത്തിൽ ഗ്യാസ് വിതരണ ഏജൻസികൾക്കുള്ള ബാദ്ധ്യത/ ഉത്തരവാദിത്വം എന്തെല്ലാമാണ്; എത്ര കിലോമീറ്റർ ചുറ്റളവിൽ ഏജൻസികൾ ഗ്യാസ് സിലിണ്ടർ സൗജന്യമായി വീട്ടുകളിൽ എത്തിക്കണം എന്നത് വ്യക്തമാക്കുമോ ; | (എ) ഉപഭോക്താക്കൾക്ക് ഗ്യാസ് സിലിണ്ടറുകൾ ബുക്ക് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്ത് കൊടുക്കുന്നതും സിലിണ്ടറുകൾ ഉപഭോക്താക്കളുടെ താമസസ്ഥലത്ത് എത്തിച്ചു കൊടുക്കുന്നതും ശൂന്യമായ സിലിണ്ടറുകൾ തിരികെ എടുക്കുന്നതും ഗ്യാസ് ഏജൻസി കളുടെ ഉത്തരവാദിത്വമാണ്. സിലിണ്ടറുകൾ വിതരണം ചെയ്യുന്ന സമയത്ത് ഡെലിവറി ബോയ് ഗ്യാസ് സിലിണ്ടറിനോടൊപ്പം വെയിംഗ് മെഷീൻ കൊണ്ടുപോകേണ്ടതും സിലിണ്ടറുകൾ ശരിയായ തൂക്കത്തിലും അളവിലുമാണെന്ന് ഉപഭോക്താക്കൾക്ക് തത്സമയം കാണിച്ച് ഉറപ്പ് വരുത്തേണ്ടതും വാൽവിൽ ലീക്കേജ് ഉണ്ടോയെന്ന് പരിശോധിക്കുകയും ഡെലിവറി സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളുടെ കാർഡു കളിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അപാകത യുള്ള സിലിണ്ടറുകൾ തിരികെ എടുത്ത് പകരം സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതും എൽ.പി.ജി. മാർക്കറ്റിംഗിനെ സംബന്ധിച്ചുണ്ടാകുന്ന പ്രധാനപ്പെട്ട വിവരങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതും ഗ്യാസ് ഏജൻസികളാണ്. ഗ്യാസ് ഏജൻസിയുടെ ഗോഡൗണിൽ നിന്നും അഞ്ച് കിലോമീറ്റർ ചുറ്റളവിലുള്ള വീടുകളിലാണ് ഗ്യാസ് സിലിണ്ടറുകൾ സൗജന്യമായി എത്തിക്കുന്നത്. |
| (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പല ഏജൻസികളും ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യുന്ന കാര്യത്തിൽ അന്യായമായി ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ചുരുക്കം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഉപഭോക്താവിന് സ്വന്തം ചെലവിലോ സ്വന്തം സംവിധാനങ്ങൾ ഉപയോഗിച്ചോ ഗ്യാസ് ഏജൻസിയിൽ നേരിട്ട് പോയി ഗ്യാസ് സിലിണ്ടർ എടുക്കുന്നതിന് തടസ്സമുണ്ടോ ; | (സി) ഉണ്ട്. എന്നാൽ അടിയന്തിര സാഹചര്യങ്ങളിൽ ജില്ലാ അധികാരിയുടെ അനുവാദത്തോടു കൂടി ഉപഭോക്താക്കൾക്ക് ഏജൻസിയുടെ ഗോഡൗണുകളിൽ നിന്നും (cash–n-carry system) സിലിണ്ടറുകൾ എടുക്കാവുന്നതാണ്. |

| | |
|---|---|
| (ഡി) പാചക വാതക വിതരണ കാര്യത്തിൽ ഗ്യാസ് ഏജൻസികൾ പാലിച്ചിരിക്കേണ്ട ഉത്തരവാദിത്വങ്ങളും ഉപഭോക്താവിന് ലഭ്യമായ അവകാശങ്ങളും വിശദമാക്കുന്ന ഉത്തരവുകളും സർക്കാരിന്റെ മറ്റ് റഫറൻസുകളും വിശദമാക്കാമോ; എല്ലാത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ ? | (ഡി) ഗ്യാസ് ഏജൻസികൾ പ്രവർത്തിക്കുന്നത് പൊതുമേഖലാ സ്ഥാപനങ്ങളായ എണ്ണക്കമ്പനികളുടെ നിർദ്ദേശങ്ങൾ അനുസരിച്ചാണ്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന് പ്രത്യേകിച്ച് നിർദ്ദേശങ്ങൾ നല്കുവാൻ കഴിയില്ല. പാചക വാതക വിതരണ കാര്യത്തിൽ ഗ്യാസ് ഏജൻസികൾ പാലിച്ചിരിക്കേണ്ട ഉത്തരവാദിത്വങ്ങളും ഉപഭോക്താവിന് ലഭ്യമായ അവകാശങ്ങളും സംബന്ധിക്കുന്ന പൗരാവകാശ രേഖ www.iocl.com, www.bharatpetroleum.com, www.hindustanpetroleum.com എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ